പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1905 — 14/08/2017-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ നവജാതശിശുക്കളുടെ മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അട്ടപ്പാടി മേഖലയിൽ എത്ര നവജാതശിശുക്കൾ മരണപ്പെട്ടെന്നും ഇതിനുള്ള കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ; | എ) | 15 കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്.<br>**കാരണങ്ങൾ**<br>ജന്മ വൈകല്യം, പൂർണവളർച്ച ഇല്ലാത്തത്, കുടൽ സംബന്ധമായ അസുഖം, തൂക്കക്കുറവ്, ഹൃദയ സംബന്ധമായ ജന്മവൈകല്യം, മിൽക് ആസ്പിറേഷൻ. |
| ബി) | ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ? | ബി) | ജന്മവൈകല്യം നേരത്തെ കണ്ടുപിടിക്കുന്നതിനായി ഗർഭാവസ്ഥയിൽ തന്നെ റേഡിയോളജിസ്റ്റിന്റെ സഹായത്തോടെ ഗർഭിണികൾക്ക് അനോമലി സ്കാൻ നടത്തുകയും വേണ്ട വൈദ്യ സഹായം നൽകുകയും ചെയ്യുന്നു.<br>എല്ലാ ഗർഭിണികൾക്കും ഗർഭപൂർവ്വ (Antenatal) പരിശോധന നൽകുന്നു. ആവശ്യമുള്ള ഗർഭിണികൾക്ക് വിദഗ്ധ ചികിത്സ നൽകുകയും ആവശ്യമെങ്കിൽ മെഡിക്കൽ കോളേജുകളിൽ വച്ച് പ്രസവം നടത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്യുന്നു.<br>പോഷകാഹാര കുറവുള്ള കുട്ടികളെ ചികിത്സിക്കുന്നതിനും, പോഷകാഹാരം നൽകുന്നതിനുമായി അഗളി, ഷോളാപ്പൂർ, പുതൂർ എന്നിവിടങ്ങളിൽ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. കൗമാരക്കാരായ പെൺകുട്ടികളുടെ വിളർച്ച കണ്ടെത്തി യഥാസമയം ചികിത്സിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സംവിധാനം നിലവിലുണ്ട്.<br>ഗർഭിണികളുടെ വിളർച്ച കണ്ടെത്തി ചികിത്സ നൽകുകയും അതുവഴി നവജാത ശിശുവിനുള്ള ഭാരകുറവു കാലേകൂട്ടിയുള്ള പ്രസവം (Pre term labour) ഒഴിവാക്കുയും ചെയ്യുന്നു.<br>ന്യൂബോൺ മെറ്റബോളിക് സ്ക്രീനിംഗ് (നവജാത ശിശുക്കളിലുള്ള ഉപാപചയ അപാകതകൾ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ്) നടത്തുകയും രോഗാവസ്ഥ കണ്ടെത്തിയാൽ ചികിത്സ നൽകുകയും ചെയ്യുന്നു.<br>ആദിവാസി മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ (Mobile Medical Units) പ്രവർത്തിക്കുന്നു. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കോട്ടത്തറയിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് തുടങ്ങിയ വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതുകൊണ്ട് കുട്ടികൾക്ക് യഥാസമയം ചികിത്സ നൽകുന്നതിന് കഴിയും<br>ജെ.എസ്.വൈ, ജെ.എസ്.എസ്.കെ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>അടുത്തടുത്തായുള്ള പ്രസവങ്ങൾ അമ്മയുടെ ആരോഗ്യനില തകരാറിലാക്കുകയും അതുവഴി നവജാത ശിശുക്കളുടെ ഭാരകുറവും നേരത്തേയുള്ള പ്രസവത്തിനും കാരണമാകുന്നു. അതിനാൽ പ്രസവങ്ങൾ തമ്മിലുള്ള അകലം കൂട്ടാനായി കുടുംബാസൂത്രണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ